TRIDA

# THIRUVANANTHAPURAM DEVELOPMENT AUTHORITY

Vazhuthacaud, Thiruvananthapuram-695010
Phone:2722748, 2722238

## ക്വട്ടേഷൻ/ലേല നോട്ടീസ്

**പാളയം കണ്ണിമേറ മാർക്കറ്റിന് സമീപം ട്രിഡയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് - പാർക്കിംഗ് ഏരിയ -പാർക്കിംഗ് ഫീസ് പിരിവ് അവകാശം ലേലം ചെയ്യുന്നത് - സംബന്ധിച്ച്.**

പാളയം കണ്ണിമേറ മാർക്കറ്റിന് സമീപം എം.ജി. റോഡിന്റെ സൈഡിൽ തിരുവനന്തപുരം വികസന അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് (രക്തസാക്ഷി മണ്ഡപത്തിന് എതിർവശം) ട്രിഡയുടെ വ്യവസ്ഥകൾ പ്രകാരം വാഹന പാർക്കിംഗ് ഫീസ് പിരിവ് ഒരു വർഷക്കാലത്തേയ്ക്ക് ഏറ്റെടുത്തു നടത്തുന്നതിനായി താൽപര്യമുള്ളവരിൽ നിന്നും സീല് ചെയ്ത മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ച് കൊള്ളുന്നു. നിർദ്ദിഷ്ട ഫാറത്തിലുള്ള ക്വട്ടേഷനുകൾ 2022 സെപ്റ്റംബർ മാസം 26-ാം തീയതി വൈകുന്നേരം 3 മണിയ്ക്കുമുമ്പായി 25,000/- രൂപ (ഇരുപത്തി അയ്യായിരം രൂപ) നിരതദ്രവ്യമുൾപ്പെടെ വഴുതയ്ക്കാട്ടുള്ള ട്രിഡാ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

പാർക്കിംഗ് സ്ഥലം അലോട്ട് ചെയ്യുന്നതിനുള്ള മിനിമം തുക 13,22,751/- രൂപയാണ്. (പതിമൂന്നു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി എഴുനൂറ്റി അമ്പത്തിയൊന്ന് രൂപ) ടി പാർക്കിംഗ് സ്ഥലത്ത് ഒരു മണിക്കൂർ സമയത്തേയ്ക്ക് ഓട്ടോറിക്ഷ പാർക്ക് ചെയ്യുന്നതിന് 5/- രൂപയും, ഒരു മണിക്കൂർ സമയത്തേയ്ക്ക് 5 സീറ്റുള്ള കാർ പാർക്ക് ചെയ്യുന്നതിന് 10/- രൂപയും, അഞ്ച് സീറ്റിൽ കൂടുതൽ ഉള്ള കാർ ഒരു മണിക്കൂർ സമയത്തേയ്ക്ക് പാർക്ക് ചെയ്യുന്നതിന് 12/- രൂപയും, ഇരുചക്രവാഹനം ഒരു മണിക്കൂർ സമയത്തേയ്ക്ക് പാർക്ക് ചെയ്യുന്നതിന് 3/- രൂപയും ആണ് നിശ്ചയിച്ചിരിക്കുന്നത്.

കൂടാതെ ടി ഫീസ് പിരിവ് അവകാശം നിശ്ചയിക്കുന്നതിനുള്ള പരസ്യലേലം 2022 സെപ്റ്റംബർ മാസം 27-ാം തീയതി രാവിലെ 11.30 മണിയ്ക്ക് ട്രിഡാ ഓഫീസിൽ വച്ച് നടത്തുന്നതും ലേലത്തിനുശേഷം ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതുമാണ്. ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുള്ളവർ അന്നേ ദിവസം രാവിലെ 11.30 മണിയ്ക്ക് ട്രിഡാ ഓഫീസിൽ ഹാജരാകേണ്ടതാണ്. ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുള്ളവർക്ക് ലേലത്തിൽ പങ്കെടുക്കണമെങ്കിൽ ലേലത്തിന് പ്രത്യേകം നിരത ദ്രവ്യം അടയ്ക്കേണ്ടതുണ്ട്. ലേലത്തിലും ക്വട്ടേഷനിലും കൂടുതൽ തുക ഏതാണ് എന്ന് പരിശോധിച്ചശേഷം ആ തുകയ്ക്ക് ലേലം സ്ഥിരപ്പെടുത്തുന്നതായിരിക്കും. ഇത് സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കുന്നതിന് ട്രിഡാ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ക്വട്ടേഷൻ/ലേലത്തിന്റെ നിബന്ധനകളും നിർദ്ദിഷ്ട ഫാറവും രൂപ - 500/- GST അടച്ച് വഴുതയ്ക്കാട്ടുള്ള ട്രിഡാ ഓഫീസിൽ നിന്നും വാങ്ങാവുന്നതാണ്.

**No.R3/3834/2008/TRIDA**
**Date: 19/09/2022**

Sd/-
സെക്രട്ടറി

Krishna Kumari

ഉത്തരവിൻ പ്രകാരം
റവന്യൂ ഓഫീസർ i/c

പകർപ്പ്:
1. ട്രിഡാ ഓഫീസ് നോട്ടീസ് ബോർഡ്
2. എല്ലാ കോംപ്ലക്സിലെ നോട്ടീസ് ബോർഡ്
3. ട്രിഡ വെബ് സൈറ്റ്